(ബി) ഈ സ്റ്റേഷൻ എന്നത്തേക്ക് തുടങ്ങാനാവുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ജില്ലാകളക്ടർ അനുവദിച്ച എൻ.ജി.ഒ. ക്വാർട്ടേഴ്സിൽ അടിസ്ഥാന സൗകര്യങ്ങൽ ഏർപ്പെടുത്തുന്നതിനുള്ള നടപടി പൂർത്തിയാകാത്തിനാലാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. പ്രസ്തുത സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകും.

കളമശ്ശേരിയിൽ ഫയർ സ്റ്റേഷൻ

7 [1634] *ശ്രീ. കെ. മുഹമ്മദാലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരിയിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ലഭിച്ച നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) കളമശ്ശേരി വ്യവസായ മേഖലയുടെ അടിയന്തിരാവശ്യം പരിഗണിച്ച് ഇവിടെ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) കളമശ്ശേരിയിലോ ഏലൂരിലോ അടിയന്തിരമായി അഗ്നിശമന സേനയുടെ ഒരു യൂണിറ്റ് സ്ഥാപിക്കണമെന്നും ഏലൂരിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.ഐ.എൽ. ഇതിനാവശ്യമായ സ്ഥലം നൽകാമെന്ന് ഉറപ്പുനൽകിയിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട് ശ്രീ. കെ. മുഹമ്മദാലി എം.എൽ.എ. യുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ ഏലൂരിൽ ഫയർ സ്റ്റേഷൻ തുറക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

(സി) സ്ഥലം, കെട്ടിടം, അനുബന്ധ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നകാര്യ പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly